**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6337** **20-03-2023 - ൽ മറുപടിയ്ക്ക്**

**കുറിച്ചിയാട് ട്രൈബൽ ഹാംലെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കുറിച്ചിയാട് ട്രൈബൽ ഹാംലെറ്റിൽ ഉൾപ്പെട്ടുന്ന എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ടി.ആർ.ഡി.എം. മുഖേന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിലേക്കായി എത്ര ഭൂമി വാങ്ങിയിട്ടുണ്ടെന്നും ആകെ ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ; | (എ) | **കുറിച്യാട് ട്രൈബൽ ഹാംലെറ്റിൽ ഉൾപ്പെട്ടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നാഷണൽ റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസി (2007) പ്രകാരം വന്യജീവി സങ്കേതങ്ങൾക്കുള്ളിലുള്ള കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ വനാന്തരങ്ങളിൽ നിന്നും വനം വകുപ്പ് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതിയായ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടുത്തി കുറിച്യാട് കോളനിയിലെ 75 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിരുന്നു. ആയതിൽ 47 കുടുംബങ്ങൾക്ക് 19.9962 ഏക്കർ സ്ഥലത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 28 പേരിൽ 26 പേർക്കായി 12.23 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമിയുടെ രജിസ്ട്രേഷൻ നടത്തേണ്ടതായിട്ടുണ്ട്. ഇനി 2 പേർക്കു കൂടി ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്. 75 ഗുണഭോക്താക്കൾക്കായി ഒരു ഗുണഭോക്താവിന് 10,00,000/- രൂപ നിരക്കിൽ 7,50,00,000/- രൂപയും രജിസ്ട്രേഷൻ ചാർജ്ജിനത്തിൽ 29,11,364/- രൂപയും ചേർത്ത് ആകെ 7,79,11,364/- രൂപയും ചെലവഴിച്ചിട്ടുണ്ട്.** |
| (ബി) | ഓരോ കുടുംബത്തിനും എത്ര തുക വീതമാണ് ഇതിനായി വകയിരുത്തിയതെന്നും എത്ര കുടുംബങ്ങൾക്ക് ഭൂമി രജിസ്റ്റർ ചെയ്തു നൽകിയെന്നും അറിയിക്കുമോ; ഇനി എത്ര കുടുംബങ്ങൾക്ക് ഭൂമി രജിസ്റ്റർ ചെയ്ത് നൽകുവാനുണ്ടെന്നും ആയത് വൈകുന്നതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ; | (ബി) | **സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വനം വകുപ്പ് കുറിച്യാട് കോളനിയിലെ 75 കുടുംബങ്ങൾക്കും 10 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. 47 പേരുടെ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമിയുടെ ഉടമസ്ഥരായിട്ടുണ്ട്. 26 പേരുടെ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമായ** |

| | | | |
|---|---|---|---|
| | | | **തുക വനം വകുപ്പിൽ നിന്നും കണ്ടെത്താൻ കഴിയാത്തതിനാലാണ് രജിസ്ട്രേഷൻ പൂർത്തീകരിക്കുവാൻ വൈകിയത് . രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു .** |
| (സി) | ഭൂവുടമകൾക്ക് ഭൂമിയുടെ വില നൽകുകയും എന്നാൽ ആദിവാസി ജനവിഭാഗങ്ങളെ ഭൂരഹിതരാക്കി മാറ്റുകയും ചെയ്യുന്ന രീതിയിൽ രജിസ്ട്രേഷൻ നടപടിയിലെ വീഴ്ച സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | **വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് നടപ്പിലാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കണ്ടെത്തിയ ഭൂമി ഗുണഭോക്താക്കൾക്കു രജിസ്റ്റർ ചെയ്ത് നൽകുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി വനം വന്യജീവി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വകുപ്പാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് .** |

സെക്ഷൻ ഓഫീസർ